# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി18/1507/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 11/02/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി18/1507/21 തീയ്യതി: 11/02/2022

## കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2021 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 24-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-12-2021 | 24-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി.ഉഷ.എ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രത്യൂഷ്.എസ് - ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടി.ഷബ്ന | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| ശ്രീ.രാജീവൻ.സി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി.മഞ്ജുഷ.പി.എൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സ്വരൂപ്.പി.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ആശ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.വിനീത ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.മുഹമ്മദ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ.സുധീർ.എം.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീജ ബാടി | വി ഇ ഒ (കോട്ടയം സെക്ഷൻ) | 01-04-2020 | 31-03-2021 |
| ശ്രീമതി.റഫ്സീന .കെ | വി ഇ ഒ (കിണവക്കൽ സെക്ഷൻ) | 01-04-2020 | 31-03-2021 |
| ശ്രീമതി.രേസ്ന സദൻ.കെ.ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 24-12-2020 |
| ഒഴിവ് | ഐ സി ഡി എസ് സൂപ്പർവൈസർ | 25-12-2020 | 10-01-2021 |
| ശ്രീമതി.ബിന്ദു റാണി | ഐ സി ഡി എസ് സൂപ്പർവൈസർ | 11-01-2021 | 01-02-2021 |
| ശ്രീമതി.രജനി.പി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 02-02-2021 | 31-03-2021 |
| ശ്രീമതി.ലളിത.പി.വി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| ഒഴിവ് | ഹെഡ് മാസ്റ്റർ | 01-06-2020 | 01-06-2020 |
| ശ്രീ.ശശീന്ദ്രൻ തയ്യിൽ | ഹെഡ് മാസ്റ്റർ | 02-06-2020 | 31-03-2021 |
| ശ്രീമതി.ഷീജ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രവീണ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സരിത.കെ.വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 05-11-2020 | 31-03-2021 |

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് കാലയളവ് - പ്രോജക്ട് തുടങ്ങിയതു മുതലുള്ളതാണ് സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയത് ശ്രീമതി.മഞ്ജുഷ.പി.എൻ -സെക്രട്ടറി ,ശ്രീ.സുധീർ.എം.വി -അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ.സ്വരൂപ്.പി.എസ് -കൃഷി ഓഫീസർ എന്നിവരെ12.11.2020മുതൽ 20.12.2020വരെ ഭരണ നിർവ്വഹണ കമ്മിറ്റി അംഗങ്ങളായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-12-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 29-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 29-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: PRATHYOOSH S (Auditor, On 29-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-7 |
| 9 | മരണ ശേഷവും പെൻഷൻ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു<br>Written By: PRATHYOOSH S (Auditor, On 25-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-7-1 |
| 10 | സർവ്വീസ് /ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷപെൻഷൻ തിരിച്ചടക്കാത്തത്<br>Written By: PRATHYOOSH S (Auditor, On 25-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-7-2 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: PRATHYOOSH S (Auditor, On 25-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-12-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 28-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-9 |
| 13 | ഗ്രാമസഭ<br>Written By: PRATHYOOSH S (Auditor, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-10 |
| 14 | ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം<br>Written By: Lathavani (Audit Officer, On 28-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-11 |
| 15 | വാഹന പരിപാലനം<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-12-2021) | 1-12 |
| 16 | ബിൽഡിങ് പെർമിറ്റ് അപാകങ്ങൾ<br>Written By: PRATHYOOSH S (Auditor, On 23-12-2021)<br>Last Updated By: PRATHYOOSH S (Auditor, On 04-01-2022) | 1-13 |
| 17 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- സാക്ഷ്യപത്രം വാങ്ങി | 1-14 |

| | | |
|---|---|---|
| | സൂക്ഷിച്ചിട്ടില്ല<br>Written By: PRATHYOOSH S (Auditor, On 23-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | |
| 18 | ഇ ടെണ്ടർ ഫീ ഈടാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 28-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-15 |
| 19 | കുരുമുളക് കൃഷി വിസ്തൃതി വ്യാപനം-സ്ഥല വിസ്തൃതി കണക്കിലെടുക്കാതെ തൈകൾ  വിതരണം ചെയ്തു<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-16 |
| 20 | നെൽ കൃഷി വികസനം (തരിശു നിലം ഉൾപ്പെടെ) - രേഖകളുടെ അഭാവത്തിൽ 80,600/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-17 |
| 21 | നാളികേര കൃഷി വികസനം - രേഖകളുടെ അഭാവത്തിൽ 1,69,440/- രൂപ തടസ്സപ്പെടുത്തുന്നു .<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-18 |
| 22 | വാഴകൃഷി വികസനം-സ്ഥല വിസ്തൃതി കണക്കിലെടുക്കാതെ വിത്തുകൾ വിതരണം ചെയ്തു<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-19 |
| 23 | കരനെൽകൃഷി - രേഖകളുടെ അഭാവത്തിൽ 66,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-20 |
| 24 | ഇടവിളകൃഷി വികസനം- രേഖകളുടെ അഭാവത്തിൽ ചെലവ് തുക 40,000/- തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-21 |
| 25 | കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സബ്സെന്ററുകൾക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - കംപ്യൂട്ടറുകൾ നാളിതുവരെയായി ലഭിച്ചിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-12-2021) | 1-22 |
| 26 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ  - മുൻകൂർ തുക നൽകിയിട്ടും നാളിതുവരെയായി കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-23 |
| 27 | പാലിന് ഇൻസെന്റീവ് - ക്ഷീര കർഷകർക്ക് അർഹമായ തുക വിതരണം ചെയ്തില്ല<br>Written By: PRATHYOOSH S (Auditor, On 24-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 1-24 |
| 28 | എരുവട്ടി യു പി സ്കൂളിന് ടോയ്‌ലറ്റ് -അപാകങ്ങൾ -₹ 1,66,869 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 28-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-25 |
| 29 | സാന്ത്വന പരിചരണപദ്ധതി 103455 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-26 |
| 30 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - 45000/- രൂപയുടെ | 1-27 |

| | | |
|---|---|---|
| | മരുന്ന് ലഭിച്ചിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | |
| 31 | ബാലസൗഹൃദ ഗ്രാമ പഞ്ചായത്ത് - പദ്ധതി അവലോകനം<br>Written By: PRATHYOOSH S (Auditor, On 24-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-28 |
| 32 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-29 |
| 33 | സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-അതുല്യം - തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്<br>Written By: Usha.A (Asst. Audit Officer, On 26-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-12-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 11-02-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടിവഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Lathavani (Audit Officer, On 27-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 30-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 30-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 04-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 30-12-2021) | 4-11 |

| | | |
|---|---|---|
| | Last Updated By: Harish Kumar M.V (Computer Assistant, On 11-02-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | RECEIPT & PAYMENT STATEMENT |
| 4 | Income & Expenditure Statement |
| 5 | Balance Sheet |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| ഭരണ സമിതി തീരുമാനം & തിയ്യതി | 73/2020 16/03/2020 | ഭരണ സമിതി തീരുമാനം & തിയ്യതി | 47/21 15/02/2021 |
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നം./തീയതി | 22/2020 13.03.2020 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നം./തീയതി | 10/21 15.02.2021 |
| മുന്നിരിപ്പ് | 4276828 | മുന്നിരിപ്പ് | 4276828 |
| വരവ് | 142183277 | വരവ് | 168412079 |
| ആകെ | 146460105 | ആകെ | 172688907 |
| ചെലവ് | 145621010 | ചെലവ് | 171030340 |
| നീക്കിയിരിപ്പ് | 839095 | നീക്കിയിരിപ്പ് | 1658567 |

വിവിധ ഘടക സ്ഥാപന മേധാവികളുടെ ബജറ്റ് പ്രൊപ്പോസലുകൾ ക്രോഡീകരിക്കുന്നതിലും കരട് ബജറ്റ് അംഗീകരിക്കുന്നതിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സമയക്രമം പാലിച്ചിട്ടില്ല. ബജറ്റ് പ്രസംഗം, പെർഫോമൻസ് ബജറ്റ് & ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ GO(Rt) 3291/16 LSGD തീയതി 2.12.2016 പ്രകാരം പുറപ്പെടുവിച്ച ബജറ്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 25.06.2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1-മുൻകൂർ രജിസ്റ്ററിൽ അദർ അഡ്വാൻസിൽ ₹1,95,521 ചേർത്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ RP-47 അദർ അഡ്വാൻസിൽ ₹1,90,054 ആണ് ചേർത്തത്. വാർഷിക ധനകാര്യ പത്രികയിൽ കെൽട്രോണിന്

നൽകിയ ₹5467 മുൻകൂറിൽ ഉൾപ്പെടുത്തിയിട്ടില്ല.

2-ഈ വർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി 2,05,000/- (RP-47) നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ 1,35,000/- മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. മഴക്കാല പൂർവ്വ ശുചീകരണത്തിന് മെഡിക്കൽ ഓഫീസർക്ക് അഡ്വാൻസായി നൽകിയ 70,000/- രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

3-B-18ൽ കേരള വാട്ടർ അതോറിറ്റിയിൽ നീക്കിയിരിപ്പുള്ള തുക മുൻകൂർ രജിസ്റ്റർ പ്രകാരവും (2,47,98,000/-) വാർഷിക ധനകാര്യ പത്രിക പ്രകാരവും (2,33,83,279/-) പൊരുത്തപ്പെടുന്നില്ല.

4- മുൻകൂർ രജിസ്റ്റർ പ്രകാരം മറ്റ് അഡ്വാൻസിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് 30,805/- നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (മുൻകൂർ രജിസ്റ്റർ പേജ് നം 62). എന്നാൽ മുൻകൂർ രജിസ്റ്ററിലെ സംക്ഷിപ്തത്തിൽ 30,805/- മുന്നിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല . ഈ തുക വാർഷിക ധനകാര്യ പത്രികയിൽ B-18ൽ ചേർത്തിട്ടില്ല.

5-ഡെപ്പോസിറ്റ് രജിസ്റ്ററിൽ, ഡെപ്പോസിറ്റിന് പുറമേ ഈ വർഷം, അടുത്ത വർഷത്തേക്ക് ലഭിച്ച അഡ്വാൻസ് തുകകൾ ( RP-36) കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

6-ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് തുക RP-40 (B), B-2 എന്നിവയിൽ രേഖപ്പെടുത്തിയത് പൊരുത്തപ്പെടുന്നില്ല (RP-40 (B)- 25420, B2-25820).

7-സഞ്ചയ വസ്തു നികുതി റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ ഡിമാൻഡ് കളക്ഷൻ വാർഷിക ധനകാര്യ പത്രികയുമായി ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്ത് പൊരുത്തപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബുക്ക് അഡ്ജസ്റ്റ് ചെയ്ത തുക (₹37567) 2018-19 വാർഷിക ധനകാര്യ പത്രികയിലെ B9 അഡ്വാൻസ് കളക്ഷൻ തുക (₹30238.64) യുമായി ഒത്തു പോകുന്നില്ല.

8- മുൻകൂർ രജിസ്റ്റർ പ്രകാരം 'മറ്റ് അഡ്വാൻസ് ' ൽ കേരള വാട്ടർ അതോറിറ്റിയിൽ ₹30805 മുന്നിരിപ്പിലും നീക്കിയിരിപ്പിലും ഇത് വാർഷിക ധനകാര്യ പത്രികയിൽ B18-ൽ ഉൾപ്പെട്ടിട്ടില്ല.

9- റർബൻ ഫണ്ടിൽ – KSEB, KWAയ്ക്ക് ഡെപ്പോസിറ്റ് നൽകിയതിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക B4ൽ ഉൾപ്പെടുത്തിയത് ശരിയല്ല.

10-RP-38ലെ MOOVABLE ASSET-ൽ സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ വാങ്ങിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി കാണുന്നില്ല. ഉദാഃ എഫ്.എച്ച്.സി. ക്ക് ഫർണ്ണിച്ചർ വാങ്ങൽ, പി.എച്ച്.സി.ക്ക് ഫർണ്ണിച്ചർ വാങ്ങൽ, പി.എച്ച്.സി.ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ മുതലായവ.

11- മുൻ വർഷത്തെ സ്ഥിരാസ്തിയിലെ (B- 11 ഷെഡ്യൂളിൽ) തുകയോട് ഈ വർഷത്തെ RP-38 ലെ തുക കൂട്ടിയാൽ ഈ വർഷത്തെ (B- 11 ഷെഡ്യൂളിൽ) തുക ലഭിക്കുന്നില്ല.

12- വാർഷിക ധനകാര്യ പത്രികയിലെ വ്യത്യാസങ്ങൾക്ക് നോട്ട് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.ഉദാഃ വികസന ഫണ്ട് ജനറൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ജി ഒ പ്രോജക്ടുകൾക്ക് തുക അലോട്ട്മെന്റിലും ചെലവിലും ഇല്ല. അതിനാൽ റെസീറ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഈ ഇനത്തിലെ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.
വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾക്ക് ഓഡിറ്റ് അന്വേഷണം (നം.39/24.12.2021) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 92,94,084 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,06,67,606 |
| ആകെ | 5,99,61,690 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,68,88,216 |
| നീക്കിയിരിപ്പ് | 1,30,73,474 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 522909 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 0 | 8337375 | 8337375 | 8319170 | 18205 |
| വികസന ഫണ്ട് എസ്.സി.പി | | 0 | 646000 | 646000 | 566000 | 80000 |
| വികസനഫണ്ട് 'ടി എസ് പി ' | | 0 | 136000 | 136000 | 38700 | 97300 |
| മെയിന്റനൻസ്-റോഡ് | | 0 | 4954000 | 4954000 | 4954000 | 0 |
| മെയിന്റനൻസ് നോൺ റോഡ് | | 0 | 3456681 | 3456681 | 3449118 | 7563 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ-ബേസിക് | | | 7799533 | 7799533 | 6243426 | 1556107 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | | 0 | 32,40,000 | 32,40,000 | 10,13,891 | 22,26,109 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |
| എംജിഎൻ ആർഇ ജിഎസ് | ഭരണചെലവ് | 1034 | 631859 | 632893 | 630034 | 2859 |
| | തൊഴിലാളി കളുടെ കൂലി, സാധനസാമഗ്രി കളുടെ ചെലവ് | 0 | 17467775 | 17467775 | 17467775 | 0 |
| ഐസിഡിഎസ് | | 769326 | 686013 | 1455339 | 1148512 | 306827 |
| ടി എസ് സി | | 196000 | 1523851 | 1719851 | 1573115 | 146736 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-റർബൻ | | 34510769 | 45316 | 34556085 | 8664823 | *25891262 |
| കുടിവെള്ളം | | 3360 | 0 | 3360 | 0 | 3360 |
| സംസ്ഥാനാവിഷ്കൃത വിഹിതം | | | | | | |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-ശുചിത്വം | | 70000 | 570233 | 640233 | 640233 | 0 |
| അദർ റവന്യൂ ഗ്രാന്റ്സ് (ആശ്രയ, ഇലക്ഷൻ, ഐസിഡിഎസ് ബോർഡ്) | | 15725 | 818945 | 834670 | 797945 | 36,725 |
| ശുചിത്വം (മഴക്കാല പൂർവ്വ ശുചീകരണം) | | 26,166 | 2,80,000 | 3,06,166 | 1,41,166 | 1,65,000 |
| അംഗൻവാടി ടോയ്‌ലറ്റ് നിർമ്മാണം | | 12,000 | 0 | 12,000 | 0 | 12,000 |

| | | | | | |
|---|---|---|---|---|---|
| സ്റ്റേറ്റ് സ്പോൺസേഡ് സ്കീം- അദേഴ്സ് | 0 | 2,33,000 | 2,33,000 | 2,33,000 | 0 |
| സാക്ഷരത | 9104 | 364 | 9468 | 0 | 9468 |

റർബൻ പദ്ധതി ചെലവുകൾ P F M S സംവിധാനത്തിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി റർബൻ അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടുണ്ട്. RP 40(b)-യിൽ റർബൻ അക്കൗണ്ടിൽ തുക 0 ആണ്. അതിനാൽ തുക B4-ൽ ഉൾപ്പെടുത്തിയത് ശരിയല്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 179 | 139 | 57760936 | 127 | 12 | 33628386 | 40 | 70.95 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 1727047 | 11 | 1456438 | 10 | 84.33 |
| 2 | വെറ്റിനറിസർജൻ | 1530117 | 9 | 1243079 | 8 | 81.24 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 3687863 | 14 | 2283302 | 11 | 61.91 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 952700 | 4 | 928449 | 4 | 97.45 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കോട്ടയം) | 6470967 | 13 | 5194033 | 11 | 80.26 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കിണവക്കൽ) | 1622500 | 4 | 1418627 | 4 | 87.43 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4938178 | 8 | 3982682 | 6 | 80.65 |

| | | | | | | |
|---|---|---|---|---|---|---|
| 8 | സെക്രട്ടറി | 16024499 | 30 | 2576420 | 17 | 16.07 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 19010798 | 69 | 13737798 | 55 | 72.26 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 608217 | 5 | 385488 | 4 | 63.38 |
| 11 | ഹെഡ്മാസ്റ്റർ, | 471050 | 9 | 279046 | 6 | 59.23 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 507000 | 2 | 133024 | 2 | 26.23 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 210000 | 1 | 10000 | 1 | 4.76 |
| | ആകെ | 57760936 | 179 | 33628386 | 139 | 58.21 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | | |
|---|---|---|---|---|---|---|
| എം.ജി. എൻ. ആർ. ഇ.ജി. എസ്. | ഭരണചെലവ് | 1034 | 6,31,859 | 6,32,893 | 6,30,034 | 2859 |
| | തൊഴിലാളി കളുടെ കൂലി | 0 | 1,58,26,629 | 1,58,26,629 | 1,58,26,629 | 0 |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കോട്ടയം ഗ്രാമ പഞ്ചായത്തിൽ ആകെ 1940 കുടുംബങ്ങൾ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1071 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. എന്നാൽ 341 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസം പൂർണ്ണമായും തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളത്. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച 347 പദ്ധതികളിൽ 298 പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ 51316 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3209700 | 221 |
| വിധവാ പെൻഷൻ | 11608600 | 796 |
| വാർദ്ധക്യകാല പെൻഷൻ | 20486400 | 1482 |
| ഭിന്നശേഷി പെൻഷൻ | 3119900 | 216 |
| അവിവാഹിത പെൻഷൻ | 2208100 | 145 |
| വിവാഹ ധനസഹായം | 150000 | 5 |

### 1-7-1 മരണ ശേഷവും പെൻഷൻ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു

കോട്ടയം ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം മരിച്ചവരിൽ ക്ഷേമ പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടോയെന്നും മരണശേഷം അധികം തുക അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിൽ തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം നം.29/22.12.2021 ന മറുപടിയായി മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തി റദ്ദ് ചെയ്യാറുണ്ടെന്ന് പറഞ്ഞെങ്കിലും ഡെത്ത് രജിസ്റ്ററിൽ ആധാർ പകർപ്പ് സമർപ്പിച്ചവരുടെ വിശദാംശങ്ങൾ സേവന സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ ശ്രീ.മമ്മൂട്ടി അറയ്ക്കൽ (ഡെത്ത് രജി.നം.സി13-3537/20-പെൻഷനർ ഐഡി-നം-111480200482-ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) എന്നയാൾ 9.10.2020 തീയതി മരണപ്പെട്ടിട്ടും 2021 നവംബർ മാസം വരെ പെൻഷൻ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച്

ഓഡിറ്റ് അന്വേഷണത്തിലെ (നം.38/23.12.2021) ചോദ്യത്തിന് മറുപടി നൽകിയിട്ടില്ല.

താഴെ പറയുന്ന 2 പേർ കോട്ടയം ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരണമടഞ്ഞവരാണ്. എന്നാൽ വേറെ തദ്ദേശ സ്ഥാപന പരിധിയിൽ താമസിച്ചിരുന്നവരാണ്. ഇവരുടെ ക്ഷേമ പെൻഷൻ തുക 2021 നവംബർ മാസം വരെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. അതാത് തദ്ദേശ സ്ഥാപനങ്ങളിൽ വിവരം അറിയിച്ച് പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

| മരിച്ച യാളുടെ പേര് | ഡെത്ത് രജി. നം. | പെൻ ഷനർ ഐ ഡി നം. | ആധാർ നം. | മരണം നടന്ന തീയ്യതി | താമ സിച്ചി രുന്ന തദ്ദേശ സ്ഥാ പനം | പെൻ ഷൻ തരം |
|---|---|---|---|---|---|---|
| ശ്രീനിവാസൻ എൻ കെ | C3-2226/2020 | 111600201674 | 873317847612 | 17.06.2020 | മാങ്ങാ ട്ടിടം ഗ്രാമ പഞ്ചാ യത്ത് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻ ഷൻ |
| ദിനേശൻ സി | C3-3076/2020 | 112850400034 | 200719044002 | 29.08.2020 | പാനൂർ മുനിസി പ്പാലിറ്റി | ഇന്ദിരാ ഗാന്ധി ദേശീയ ഡിസ് എബിലിറ്റി പെൻ ഷൻ സ്കീം- ശാരീ രികം |

## 1-7-2 സർവ്വീസ് /ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷപെൻഷൻ തിരിച്ചടക്കാത്തത്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് നമ്പർ DDP-KNR/1490/2020-D1 പ്രകാരം സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. കോട്ടയം ഗ്രാമ പഞ്ചായത്തിൽ താഴെ കാണും പ്രകാരം സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്ന 5 ഗുണഭോക്താക്കൾ അനർഹമായി തുക കൈപ്പറ്റിയിട്ടുണ്ട്. ഇതിൽ ഒരാൾ തുക തിരിച്ചടച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പേരുടെ വിവരം താഴെ കൊടുക്കുന്നു.

| പേര് | പെൻഷണർ ഐഡി | അനർഹമായി കൈപ്പറ്റിയ തുക | പെൻഷൻ |
|---|---|---|---|

| | | | |
|---|---|---|---|
| ഗീത എം.എം | 111480500135 | 48800 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ |
| കാർത്യായനി എം എം | 111480500141 | 39400 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ |
| രാധാകൃഷ്ണൻ കെ വി | 111480400100 | 67700 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം |
| സുജാത കൊല്ലനാണ്ടി | 111480500116 | 58300 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ |
| ആകെ | | 214200 | |

ഇവർ തുക സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-12-2021 തീയ്യതിയിൽ 2.05 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9665/-യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗിൽ സജീവമായ ചർച്ചകളും തീരുമാനങ്ങളും എടുക്കുന്നുണ്ട്. വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ നിർമ്മാണം പൂർത്തീകരിച്ച തീയതി വെച്ച് ബാക്ക് അസസ്സ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമ്മിറ്റിലെ അപാകങ്ങളും, കാലതാമസവും ഒഴിവാക്കാൻ ഫയൽ ട്രാൻസ്ഫർ രജിസ്റ്റർ കുറ്റമറ്റതാക്കാൻ സ്റ്റാഫ് മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.ദുരന്ത നിവാരണ കമ്മിറ്റി രൂപീകരിക്കുകയും ദുരന്ത നിവാരണ പദ്ധതി രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.
സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കാത്ത ക്ഷേമ പെൻഷന്റെ വിവരം സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്ത് നടപടി എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും മരണപ്പെടുന്നവരുടെ ക്ഷേമ പെൻഷൻ സസ്പെൻഡ് ചെയ്യുന്ന കാര്യത്തിൽ ഇനിയും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സമയക്രമം കൃത്യമായി പാലിക്കാത്തത് സജീവ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഇൻകമ്പൻസി രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

## 1-10 ഗ്രാമസഭ

2020-21 സാമ്പത്തിക വർഷം 2 തവണ ഗ്രാമസഭ ചേർന്നിട്ടുണ്ട്. ആകെ 14 വാർഡുകളാണ് കോട്ടയം ഗ്രാമപഞ്ചായത്തിൽ ഉള്ളത്. വിവിധ വാർഡുകൾ 16.01.2021, 17.01.2021 തീയതികളിൽ ആദ്യ തവണയും 06.02.2021, 07.02.2021, 08.02.2021, 09.02.2021 തീയതികളിൽ രണ്ടാം തവണയും ഗ്രാമസഭ ചേർന്നിട്ടുണ്ട്. ഗ്രാമസഭ അജണ്ട സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| തീയതി | അജണ്ട |
|---|---|
| 16.01.2021, 17.01.2021 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2021-22 വർഷത്തെ ആക്ഷൻ പ്ലാൻ,ലേബർ ബജറ്റ് എന്നിവ അംഗീകരിക്കൽ, ജല ജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് |
| 06.02.2021, 07.02.2021, 08.02.2021, 09.02.2021 | 2020-21 വാർഷിക പദ്ധതി അവലോകനം, വിവിധ പദ്ധതികളിലെ ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക അംഗീകരിക്കൽ, 2021-22 വാർഷിക പദ്ധതി രൂപീകരണം, 2019-20 വർഷത്തെ ഭരണ റിപ്പോർട്ട്, വാർഷിക ധനകാര്യ പത്രിക എന്നിവ അംഗീകരിക്കൽ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അവതരണം, വാർഡ് വികസന സമിതി രൂപീകരണം, വാർഡ് ജാഗ്രതാ സമിതി |

| | |
|---|---|
| | രൂപീകരണം, റേഷനിങ് വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം മുതലായവ. |

ഗ്രാമ സഭകളിലെ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്. യോഗം അവസാനിച്ചാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും യോഗത്തിൽ പങ്കടുത്തിട്ടുള്ള ജന പ്രതിനിധികളും കൂടാതെ ഗ്രാമസഭ യോഗത്തിൽ പങ്കെടുത്തിട്ടുള്ള 10 പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ യോഗത്തിന്റെ അദ്ധ്യക്ഷനും കോർഡിനേറ്ററും മാത്രമേ ഒപ്പ് രേഖപ്പെടുത്തുന്നുള്ളൂ.

## 1-11 ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം

2020-21 വാർഷിക പദ്ധതിയ്ക്കായി ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പും പുന:സംഘടിപ്പിച്ചിട്ടില്ല. ആസൂത്രണ സമിതിയിൽ 13 അംഗങ്ങൾ ഉണ്ട്. 2020-21 വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് 18.12.2019-ന് നടന്ന യോഗത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരണം, വാർഷിക പദ്ധതി സമയബന്ധിതമായി സമർപ്പിക്കൽ, ദുരന്ത നിവാരണ പ്രോജക്ട് തയ്യാറാക്കൽ എന്നിവ മാത്രം ചർച്ച ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട മറ്റ് പദ്ധതികളെക്കുറിച്ചുള്ള ചർച്ചകളോ നിർദ്ദേശങ്ങളോ ആസൂത്രണ സമിതിയിൽ ഉന്നയിച്ചിട്ടില്ല.

പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിൽ 2021-22 വാർഷിക പദ്ധതിയ്ക്കായി ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പും 1/21ൽ പുന:സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നുള്ള യോഗത്തിൽ 2020-21 വാർഷിക പദ്ധതി അവലോകനം നടത്തിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് ആകെ 2 തവണ മാത്രമേ കൂടിയിട്ടുള്ളൂ. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയതായി കാണുന്നില്ല. വിവിധ പദ്ധതികളുടെ വിവരങ്ങൾ പട്ടികയായി എഴുതുകയും വികസന സെമിനാറിലെ കരട് പദ്ധതി രേഖകളുടെ ചർച്ച അജണ്ടയായി വച്ചിട്ടുണ്ടെങ്കിലും മിനുട്ട്സിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും എഴുതിയിട്ടില്ല .മിനുട്ട്സ് സാക്ഷ്യപ്പെടുത്തുന്നുമില്ല .

ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പും ശക്തിപ്പെടുത്തേണ്ടതാണ്.

## 1-12 വാഹന പരിപാലനം

ജി.ഒ(എം എസ്)/170/07/തസ്വഭവ/30-06-07, സർക്കുലർ നമ്പർ 41/2008/ധനം 02-08-2008 എന്നിവ പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമതാ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന് ഇപ്രകാരം ഇന്ധനക്ഷമതാടെസ്റ്റ് നടത്തിയിട്ടില്ല. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തം ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. ആയത് രേഖപ്പെടുത്തുന്നില്ല. വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

വാഹന ഉപയോഗത്തെ സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-13 ബിൽഡിങ് പെർമിറ്റ് അപാകങ്ങൾ

02-11-2019 ലെ ജി.ഒ.(പി)/നം.78/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിച്ച് ഉത്തരവായതാണ്. മേൽ ഉത്തരവ് പ്രകാരം 150 ചതുരശ്ര മീറ്റർ വരെ വിസ്തീർണം ഉള്ള പാർപ്പിടാവശ്യ കെട്ടിട നിർമാണ പെർമിറ്റിന് യൂണിറ്റ് വിസ്തീർണത്തിന് 3.5/- രൂപ നിരക്കിലും 150 ചതുരശ്ര മീറ്ററിൽ കൂടുതൽ ഉള്ള കെട്ടിട നിർമാണത്തിന് യൂണിറ്റിന് 7/- രൂപ നിരക്കിലും ആണ് ഈടാക്കേണ്ടത്. എന്നാൽ 150 ച.മീ. യിൽ കുറവുള്ള കെട്ടിടങ്ങളുടെ പെർമിറ്റിനും 7/- രൂപയോ അതിൽ കൂടുതലോ ഈടാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിട വിസ്തീർണം (ച .മീ ) | ഈടാക്കിയ ഫീ | പെർമിറ്റ് നം. |
|---|---|---|---|
| രതീശൻ എം | 128.25 | 898 | B1-1870/20 |
| ഷമീർ പി | 124.45 | 872 | B1-2253/20 |
| ബൈജേഷ് നാറോത്ത് | 129.92 | 930 | B1-2021/20 |
| ശ്രീലേഷ് കെ | 110.47 | 773 | B1-2721/20 |

സർക്കാർ ഉത്തരവ് പാലിച്ച് കൊണ്ട് ഫീ ഈടാക്കേണ്ടതാണ് .

പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കേരള പഞ്ചായത്ത്

രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019-ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.ആയതിനാൽ ക്രമവൽക്കരണ രജിസ്റ്റർ തയ്യാറാക്കി വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ ഫീ രേഖപ്പെടുത്തിയ കോളത്തിൽ R എന്ന് സൂചിപ്പിച്ചിട്ടുണ്ട് എന്നാൽ ഇത് കെട്ടിടം മുഴുവനായി ക്രമവൽക്കരിച്ചതാണോ ഏതെങ്കിലും ഭാഗം മാത്രമായി ക്രമവൽക്കരിച്ചതാണോ എന്ന് രേഖപ്പെടുത്തിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തെ പെർമിറ്റ് വിവരങ്ങൾ സങ്കേതം സോഫ്റ്റ് വെയറിൽ ചേർത്തതായി കാണുന്നില്ല. 2020-21 വർഷത്തിൽ സങ്കേതം സോഫ്റ്റ് വെയർ പൂർണ തോതിൽ പ്രവർത്തിക്കാതിരുന്നതിനാലാണ് പെർമിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യാൻ കഴിയാതിരുന്നതെന്നും 2021 -22 സാമ്പത്തിക വർഷം സങ്കേതം സോഫ്റ്റ് വെയർ വഴി മാത്രമാണ് അപേക്ഷകൾ സ്വീകരിക്കുന്നതെന്നും ഇത് സംബന്ധിച്ച അന്വേഷണത്തിന് (നം.33 തീ .23.12.2021) മറുപടി നൽകിയിട്ടുണ്ട്.

## 1-14 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല

സ.ഉ(കൈ) നം.106/2017/തസ്വഭവ തീയതി 26-05-2017ലെ വ്യവസ്ഥ പ്രകാരം വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വാസഗൃഹങ്ങളുടെ നികുതി ഇളവ് അനുവദിക്കാൻ ഓരോ വർഷവും മാർച്ച് 31 ന് മുൻപ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2020-21 വർഷം വിമുക്ത ഭടൻമാരുടെ കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഇളവ് അനുവദിച്ച, ചുവടെ ചേർത്ത കെട്ടിട ഉടമകളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | വാർഡ് നം/ കെട്ടിട നം | പേര് |
|---|---|---|
| 1 | 2/133 | കണ്ണിപൊയിൽ ശശികുമാർ |
| 2 | 3/63 | ബാവിലേരി ജാനകി അമ്മ |
| 3 | 8/295 | ചെറിയാത്ത് കൊക്കോടൻ ലീലാമ്മ |
| 4 | 10/268 | കെ കെ ബാലൻ നായർ |
| 5 | 13/66 | എം കെ കുഞ്ഞി സൗ |
| 6 | 14/81A | പവനൻ എ കെ |
| 7 | 14/85 | ആച്ചത്ത് ളുണേരി പ്രഭിത കുമാരി |

സാക്ഷ്യപത്രങ്ങൾ കൃത്യമായി പൂരിപ്പിച്ചോ എന്നത് ഉറപ്പ് വരുത്തുന്നില്ല. തെറ്റായി പൂരിപ്പിച്ചതും അപൂർണമായതുമായ സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പല അപേക്ഷകളിലും സാക്ഷികളുടെ പേരും ഒപ്പും ഇല്ല.

കോവിഡ് സാഹചര്യം മൂലമാണ് പല അപേക്ഷകർക്കും സാക്ഷ്യപത്രം ഹാജരാക്കാൻ കഴിയാതിരുന്നത് എന്നാണ് ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36 തീ.23.12.2021) മറുപടി നൽകിയത്. എന്നാൽ വാർഡ് മെമ്പർമാർ വഴിയോ ആശാ വർക്കർമാർ മുഖേനയോ സാക്ഷ്യപത്രം പഞ്ചായത്ത് കാര്യാലയത്തിൽ ഹാജരാക്കാൻ സാധിക്കുമായിരുന്നു. മേൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം തന്നെ സാക്ഷ്യപത്രം കൃത്യമായും പൂർണ്ണമായും പൂരിപ്പിച്ചതാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-15 ഇ ടെണ്ടർ ഫീ ഈടാക്കേണ്ടത്

ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ തുകയായ 5,43,436/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. തുക കോട്ടയം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ AELSGD/KTM/ L-1/20-21. Dt.3.6.2020-ാം നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അപേക്ഷിച്ചിട്ടുണ്ട്. നാളിതു വരെയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2014-15 | 4200 |
| 2015-16 | 2835 |
| 2016-17 | 7400 |
| 2017-18 | 35,000 |
| 2018-19 | 4,70,579 |

| | |
|---|---|
| 2019-20 | 23,422 |
| ആകെ | 5,43,436 |

₹5,43,436 എത്രയും പെട്ടെന്ന് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

## 1-16 കുരുമുളക് കൃഷി വിസ്തൃതി വ്യാപനം-സ്ഥല വിസ്തൃതി കണക്കിലെടുക്കാതെ തൈകൾ വിതരണം ചെയ്തു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ,പേര് | 78/21, കുരുമുളക് കൃഷി വിസ്തൃതി വ്യാപനം |
| അടങ്കൽ | 50000/- (വികസന ഫണ്ട്) |
| ചെലവ് | 50000/- (വികസന ഫണ്ട്) |
| ബിൽ നം./ തീയതി/തുക | 20220452006300460145/22.08.2020, 50,000/- രൂപ |

തളിപ്പറമ്പ് ജില്ലാ കൃഷി ഫാമിൽ നിന്നും 6250 എണ്ണം കുരുമുളക് തൈകൾ ഇൻവോയ്സ് നമ്പർ - 238/20-21/ 21.7.2020 പ്രകാരം (6250 *8 =50000 ) വാങ്ങിയിട്ടുണ്ട്. 255 ഗുണഭോക്താക്കൾക്ക് കുരുമുളക് തൈകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും സ.ഉ.(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018ലെ ഖണ്ഡിക 6.1(4)ൽ നിഷ്കർഷിച്ച പോലെ സ്ഥലത്തിന് ആനുപാതികമായി തന്നേയാണോ വിതരണം ചെയ്തത് എന്നത് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. തൈകൾ വിതരണം നടത്തുകയല്ലാതെ പദ്ധതി മോണിറ്ററിംഗ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 32/22.12.21) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 നെൽ കൃഷി വികസനം (തരിശു നിലം ഉൾപ്പെടെ) - രേഖകളുടെ അഭാവത്തിൽ 80,600/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ,പേര് | 82/21 - നെൽകൃഷി വികസനം<br>(തരിശു നിലം ഉൾപ്പെടെ) |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം) 67,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-34,000/-<br>ഗുണഭോക്തൃ വിഹിതം (നേരിട്ട്) 6,000/- |
| ആകെ അടങ്കൽ | 1,07,000/- |
| ചെലവ്<br>ആകെ ചെലവ് | 46,600/- വികസന ഫണ്ട്<br>34,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>6,000/- ഗുണഭോക്തൃ വിഹിതം (നേരിട്ട്)<br>86,600/- |
| ബിൽ നമ്പർ, തീയതി, തുക | 20220452006301089241,<br>08.02.2021- ₹34000 |
| | 20220452006301227667,<br>10.03.21 – ₹12600<br>ബ്ലോക്ക് വിഹിതം – വൗച്ചർ ലഭിച്ചിട്ടില്ല |

4 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് നെൽ വിത്ത് സൗജന്യമായും ജൈവവളം സെന്റിന് 18/- രൂപ നിരക്കിലും കൂലിചെലവിന് സബ്സിഡി നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തത്.

1. പ്രോജക്ടിൽ ഹെക്ടറിന് കൂലിചെലവിനുള്ള സബ്സിഡി നിരക്ക് കണക്കാക്കിയത് രേഖപ്പെടുത്തിയിട്ടില്ല .

2. തരിശു നെൽക്കൃഷിക്ക് മാർഗ്ഗരേഖ പ്രകാരം ഒരു ഹെക്ടറിന് നൽകാവുന്ന പരമാവധി തുക 40,000/- രൂപയാണ്. പ്രോജക്ട് പ്രകാരം 20 ഗുണഭോക്താക്കൾക്ക് കൂലിചെലവിനുള്ള സബ്സിഡിയായി 34,000/- രൂപ നൽകിയിട്ടുണ്ട്. കൃഷി ഓഫീസർ ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ സ്ഥല വിസ്തൃതിക്ക് ആനുപാതികമായി തന്നെയാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്. എന്നാൽ അവ പരിശോധിക്കുന്നതിന് ആധാരമായ അപേക്ഷകളോ, രേഖകളോ ഹാജരാക്കിയിട്ടില്ല.

3. കേരള സ്റ്റേറ്റ് സീഡ് ഡവലപ്പ്മെന്റ് അതോറിട്ടിയിൽ നിന്നും ഇൻവോയ്സ് നമ്പർ- 100/20-21,30.4.20 പ്രകാരം 300 കിലോ നെൽ വിത്ത് (300 @ ₹42 = 12600) വാങ്ങിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് വിത്ത് വിതരണ ചെയ്തതിന്റെ വിവരം ലഭ്യമല്ല.

4. ബ്ലോക്ക് വിഹിതമിനത്തിൽ ലഭിച്ച 34,000/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്)22/2018/തസ്വഭവ തീയതി 14.02.2018] തരിശു നെൽക്കൃഷിക്ക് സഹായം - മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മൂന്ന് വർഷമായി കാർഷിക പ്രവൃത്തികൾ ചെയ്യാത്ത ഭൂമി/പുരയിടം തരിശു നെൽക്കൃഷിക്ക് പരിഗണിക്കാവുന്നതാണ് എന്നും ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം എന്നും ആദ്യ തവണ കൃഷി ചെയ്യുമ്പോൾ മാത്രമേ ആനുകൂല്യം നൽകാവൂ എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

6. നെൽക്കൃഷിക്കു വേണ്ടി തരിശു നിലം ഒരുക്കുന്നതിന് വേണ്ടി ചെയ്ത മറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ല. തരിശു നെൽക്കൃഷിക്ക് വേണ്ടി നിർദ്ദേശിക്കപ്പെട്ട ആനുകൂല്യം രണ്ട് തവണകളായി നൽകാൻ – ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലും നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ഉണ്ടെങ്കിലും ഇവിടെ ഒറ്റ തവണയായിട്ടാണ് ആനുകൂല്യം നൽകിയിട്ടുള്ളത് .

7.താഴെ പറയുന്ന ഗുണഭോക്താക്കളെ ഭരണസമിതി അംഗീകരിച്ചതായി കാണുന്നില്ല .

(1) വിജയൻ.കെ.എം , (2)തൈക്കണ്ടി ചന്ദ്രി, (3) ശ്രീജ.പി, (4) അഖില പി , (5) ശോഭന പാലേരി , (6) സുഷമ.പി, (7) കെ.പി.മോഹനൻ.

8. മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/22.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 80,600/- തടസ്സപ്പെടുത്തുന്നു. രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-18 നാളികേര കൃഷി വികസനം - രേഖകളുടെ അഭാവത്തിൽ 1,69,440/- രൂപ തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 85/21 നാളികേര കൃഷി വികസനം |
| അടങ്കൽ | 3,50,470/- വികസന ഫണ്ട്<br>80/- തനത് ഫണ്ട്<br>66,850/- ഗുണഭോക്തൃ വിഹിതം നേരിട്ട് |
| ആകെ അടങ്കൽ | 4,17,400/- |
| ചെലവ് | 1,69,440/- വികസന ഫണ്ട്<br>37,778/- ഗുണഭോക്തൃ വിഹിതം |
| ബിൽ,നം.,തീയതി,തുക | 20220452006301091733 ,16.2.21– ₹53,000<br>20220452006301141605,24.2.21 – ₹19,000<br>20220452006301258127,16.03.2021 , ₹78768<br>202204520063011343209,24.03.2021, ₹7422<br>202204520063011385965 ,26.03.2021, ₹11250 |

മേൽ പ്രൊജക്ട് പ്രകാരം 72 കൃഷിക്കാർക്ക് രോഗം ബാധിച്ച തെങ്ങ് വെട്ടി മാറ്റിയ വകയിൽ 1,000/- രൂപ വീതവും 34 കൃഷിക്കാർക്ക് ജൈവ വളത്തിനുള്ള സബ്സിഡിയും അനുവദിച്ചിട്ടുണ്ട്. 150 ഗുണഭോക്താക്കൾക്ക് രോഗം ബാധിച്ച തെങ്ങ് വെട്ടി മാറ്റി പുതിയ തൈകൾ വിതരണം ചെയ്യുന്നതിനു പാലയാട് നഴ്സറിയിൽ നിന്നും 150 തെങ്ങിൻ തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

1.മേൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട 72 ഗുണഭോക്താക്കൾക്ക് തെങ്ങ് വെട്ടി മാറ്റിയ വകയിൽ 1,000/- രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. 14.02.2018-ലെ ജി.ഒ.(എം.എസ്)നം.22/2018/തസ്വഭവ സബ്സിഡി മാർഗ്ഗരേഖയിലെ 6.1(12) പ്രകാരം കൃഷി വകുപ്പിൽ പ്രാബല്യമുള്ള നിരക്കും നിബന്ധനകളും പാലിക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ കൃഷിവകുപ്പിൽ പ്രാബല്യമുള്ള നിരക്ക് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. 34 ഗുണഭോക്താക്കൾക്ക് തെങ്ങിന് ജൈവവളത്തിനുള്ള സബ്സിഡി അനുവദിച്ചിട്ടുണ്ട് . സബ്സിഡി മാർഗ്ഗ രേഖ സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി 14.02.2018 ഖണ്ഡിക 6.1(1) പ്രകാരം കാർഷിക കർമ്മ സേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ തുടങ്ങിയവർ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സബ്സിഡി തുക കൈമാറിയ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ സബ്സിഡി തുക ലഭ്യമാകുന്നതിനായി കർഷകർ ഹാജരാക്കിയ ജൈവവളം വാങ്ങിയ ബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/22.12.21) മറുപടി നൽകിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാത്തതിനാൽ, അർഹതപ്പെട്ട നിരക്കിൽ തന്നെയാണോ ആനുകൂല്യം നൽകിയതെന്ന് വ്യക്തമല്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹169440 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ് .

## 1-19 വാഴകൃഷി വികസനം-സ്ഥല വിസ്തൃതി കണക്കിലെടുക്കാതെ വിത്തുകൾ വിതരണം ചെയ്തു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | 79/21 (വാഴകൃഷി വികസനം) |
| അടങ്കൽ | 286360/- (വികസന ഫണ്ട് )<br>40/- (തനത് ഫണ്ട്) |
| ആകെ അടങ്കൽ | 2,86,400/- |
| ചെലവ് | 2,86,360/- |
| ബിൽനമ്പർ ,തീയതി | 20220452006301112705, 19.2.21 ₹17860<br>20220452006300460147 22.8.20 ₹ 268500 |

വാഴക്കന്ന് വിതരണത്തിലൂടെ വാഴ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. 25 എണ്ണം വാഴക്കന്നുകൾ ഒരു യൂനിറ്റായി കണക്കാക്കി സ്ഥലത്തിന് ആനുപാതികമായി ഒന്നിൽ കൂടുതൽ യൂനിറ്റുകൾ അനുവദിക്കാവുന്നതാണ്. പ്രോജക്ട് പ്രകാരം 19018 എണ്ണം വാഴക്കന്നുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് . VFPCK കാസർഗോഡിൽ നിന്നും ഇൻവോയ്സ് നമ്പർ KBKKGD20-21/725 10.2.21 പ്രകാരം 16/- രൂപ നിരക്കിൽ 1118 എണ്ണം വാഴക്കന്നും ഇൻവോയ്സ് നമ്പർ KBKKGD20-21/060 , 30.6.20 പ്രകാരം 15/- രൂപ നിരക്കിൽ 17900 എണ്ണം വാഴക്കന്നും വാങ്ങിയിട്ടുണ്ട്.

സ.ഉ (കൈ) നം.22/2018/തസ്വഭവ,തീ.14.12.2018 പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 (4) പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകൾ/തൈകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ ഭൂവിസ്തൃതിയോ യൂനിറ്റോ പരിഗണിക്കാതെ 118 ഗുണഭോക്താക്കൾക്ക് 136 എണ്ണം വീതവും 22 ഗുണഭോക്താക്കൾക്ക് 135 എണ്ണം വീതവും വാഴക്കന്നുകൾ വിതരണം ചെയ്യുകയാണുണ്ടായത്.

ഭൂവിസ്തൃതിക്ക് ആനുപാതികമായാണോ ആനുകൂല്യം നൽകിയതെന്ന് പരിശോധിക്കുന്നതിനു ആധാരമായ അപേക്ഷകൾ, കരം ഒടുക്കിയ രസീതി, കൃഷി ഭൂമിയുടെ വിശദാംശങ്ങളോ ലഭ്യമാക്കിയിട്ടില്ല. വിത്ത് വിതരണം നടത്തുകയല്ലാതെ പദ്ധതി മോണിറ്ററിംഗ് ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/21/23.12.21) മറുപടി നൽകിയിട്ടില്ല. വിത്തുകൾ, തൈകൾ, എന്നിവ നൽകുന്നത് സ്ഥലവിസ്തൃതിക്കനുസൃതമായിരിക്കേണ്ടതും കൃത്യമായ മോണിറ്ററിംഗ് നടത്തി പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്. മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 കരനെൽകൃഷി - രേഖകളുടെ അഭാവത്തിൽ 66,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ,പേര് | 164/21 കരനെൽകൃഷി |
| അടങ്കൽ | 23,000/- (വികസന ഫണ്ട്)<br>4,200/- (തനത് ഫണ്ട്)<br>27,200/- (ജില്ലാ പഞ്ചായത്ത്)<br>13,300/- (ഗുണഭോക്തൃ വിഹിതം) |
| ആകെ അടങ്കൽ | 67,700/- |
| ചെലവ്<br>ആകെ ചെലവ് | 23,000/- (വികസന ഫണ്ട്)<br>2,500/- (തനത് ഫണ്ട്)<br>27,200/- (ജില്ലാ പഞ്ചായത്ത്)<br>13,300/- (ഗുണഭോക്തൃ വിഹിതം)<br>66,000/- |
| ബിൽ നമ്പർ/തുക | 1) 20220452006301385974,26.03.21 – ₹12700<br>2) 20220452006301385978,26.03.21 – ₹27200<br>3) 20220452006301227672,10.03.21 – ₹10300<br>4) ചെക്ക് നമ്പർ-0012044,31.03.21 – ₹2500<br>5) ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് ₹13300 |

പ്രോജക്റ്റിൽ 4 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് വിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിനും സെന്റിന് 40/- രൂപ നിരക്കിൽ വളത്തിന് സബ്സിഡി നൽകുന്നതിനുമാണ് വിഭാവനം ചെയ്തത് .

34 ഗുണഭോക്താക്കൾക്ക് ജൈവവളത്തിനുള്ള സബ്സിഡി അനുവദിക്കുന്നതിനാണ് 39,900/- രൂപ വിനിയോഗിച്ചിരിക്കുന്നത്. കൃഷി ഓഫീസർ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഭൂവിസ്തൃതിക്ക് ആനുപാതികമായി ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും കൃഷി ഭൂമിയുടെ വിസ്തീർണ്ണം, കൃഷി ഭൂമിയുടെ വിശദാംശങ്ങൾ എന്നിവ പരിശോധിക്കുന്നതിനു ആധാരമായ അപേക്ഷകളോ രേഖകളോ ഹാജരാക്കിയിട്ടില്ല. വിള ഇൻഷ്വറൻസ് അടവാക്കിയിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. മയ്യിൽ റൈസ് പ്രൊഡ്യൂസേർസിൽ നിന്നും 320 കിലോ നെൽ വിത്ത് (@ 40) വാങ്ങിയിട്ടുണ്ട്. എന്നാൽ അവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല. പ്രോജക്റ്റ് വിലയിരുത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/22.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 66,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 ഇടവിളകൃഷി വികസനം- രേഖകളുടെ അഭാവത്തിൽ ചെലവ് തുക 40,000/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ, പേര് | 75/21 ഇടവിളകൃഷി വികസനം. |
| അടങ്കൽ | 4,42,000/- വികസന ഫണ്ട് |
| ചെലവ് (ചെലവ് പത്രിക പ്രകാരം) | 4,42,000/- |
| ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് | 4,02,000/- |
| ബിൽ നമ്പർ ,തീയതി | 20220452006301091741, 16.02.2021<br>₹402000 |

ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങൾ ഉൾപ്പെട്ട 884 ഇടവിള കിറ്റ് വാങ്ങി വിതരണം

ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. VFPCK കാസർഗോഡിൽ നിന്നും ഇൻവോയ്സ് നമ്പർ KBKKGD20-21/726,10.02.2021 പ്രകാരം 804 കിറ്റ് @500 വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ 884 വിത്ത് കിറ്റ് ലഭിച്ചത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 80 കിറ്റുകൾ വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

വിതരണ രജിസ്റ്റർ (പേജ് 207 മുതൽ 211 വരെ) പ്രകാരം 44 ഗുണഭോക്താക്കൾക്ക് 7 കിറ്റ് വീതവും 96 ഗുണഭോക്താക്കൾക്ക് 6 കിറ്റ് വീതവും (44*7+96*6=884) വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത് എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ വിത്തിന്റെ ഗുണമേന്മ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ പദ്ധതിയുടെ ചെലവ് പത്രിക പ്രകാരം 4,42,000/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 4,02,000/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. 40,000/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/21,23.12.21) മറുപടി നൽകിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സബ്സെന്ററുകൾക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - കംപ്യൂട്ടറുകൾ നാളിതുവരെയായി ലഭിച്ചിട്ടില്ല .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി/സി.എച്ച്.സി |
| പ്രോജക്ട് പേര് / നമ്പർ | 104/2020-2021 (കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സബ്സെന്ററുകൾക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ) |
| അടങ്കൽ | 1,30,000/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 94,635/- |
| ബിൽ നമ്പർ/ തീയതി | 12/22.03.2021 |

കുടുംബാരോഗ്യ കേന്ദ്രത്തിന്റെ 3 സബ്സെന്ററുകൾക്ക് വേണ്ടി കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം 3 കംപ്യൂട്ടറുകൾ (@31545*3) വാങ്ങുന്നതിന് ₹94635 കേരള സംസ്ഥാന ഐ ടി മിഷൻ അക്കൗണ്ടിലേക്ക് 799011400003959 കൈമാറിയിട്ടുണ്ട്. കെൽട്രോൺ പ്രൊഫോർമ ഇൻവോയ്സ് (നമ്പർ TVM/ITBG/P/RC/22226/ 20-21,25.2.2021) സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കംപ്യൂട്ടറുകൾ നാളിതു വരെയായും ലഭ്യമായിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-6/തീയതി-16.12.2021). തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് .

## 1-23 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ - മുൻകൂർ തുക നൽകിയിട്ടും നാളിതുവരെയായി കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് പേര് /നമ്പർ | 114/2021 (മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ) |
| അടങ്കൽ | 50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 43,179/- |
| ബിൽ നമ്പർ/തീയതി | പി1/21, 23.01.2021 |

മേൽ പ്രോജക്ട് പ്രകാരം മൃഗാശുപത്രിക്ക് 1 കംപ്യൂട്ടർ വാങ്ങുന്നതിനാണ് തുക വകയിരുത്തിയത്. കെൽട്രോൺ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് (നമ്പർ TVM/TBG/P1/RC/20581/ 20-21, 4.1.2021) പ്രകാരം 1 കംപ്യൂട്ടർ വാങ്ങുന്നതിന് ₹43179 കേരള സംസ്ഥാന ഐ ടി മിഷൻ അക്കൗണ്ടിലേക്ക് 799011400003959 കൈമാറിയിട്ടുണ്ട്. കംപ്യൂട്ടർ ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/22.12.2021) കംപ്യൂട്ടർ നാളിതുവരെയായും ലഭിച്ചിട്ടില്ല എന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. കംപ്യൂട്ടർ ലഭ്യമാക്കുവാൻ വേണ്ട തുടർനടപടികൾ

സ്വീകരിക്കേണ്ടതാണ്. കംപ്യൂട്ടർ ലഭിക്കുന്ന മുറയ്ക്ക് ഒറിജിനൽ ഇൻവോയ്സ് സഹിതം സർക്കാർ ഉത്തരവിലെ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 പാലിന് ഇൻസെന്റീവ് - ക്ഷീര കർഷകർക്ക് അർഹമായ തുക വിതരണം ചെയ്തില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ പേര് &നം | പാലിന് ഇൻസെന്റീവ് , 100/21 |
| അടങ്കൽ | 10000/-<br>(വികസന ഫണ്ട്-പൊതു വിഭാഗം)<br>100000/-<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>100000/-<br>(ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ 210000/- |
| ചെലവ് | 10000/- ( വികസന ഫണ്ട്) |
| ബിൽ നം. & തീയതി | 1/2020-21, 27.03.2021 |

ഡയറി ഫാം ഇൻസ്ട്രക്ടറുടെ പാലിന് ഇൻസെന്റീവ് പദ്ധതിയിലെ ഇൻസെന്റീവ് വിതരണത്തിന്റെ വിശദാംശങ്ങൾ ആരാഞ്ഞപ്പോൾ 2020-21 സാമ്പത്തിക വർഷം ആകെ 46 ക്ഷീര കർഷകരാണ് വിവിധ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നത് എന്നും ഇതിൽ 4 കർഷകർക്ക് പഞ്ചായത്ത് വിഹിതവും 18 കർഷകർക്ക് ബ്ലോക്ക് വിഹിതവും 24 കർഷകർക്ക് ജില്ലാ പഞ്ചായത്ത് വിഹിതവും നല്കാൻ തീരുമാനിച്ചതായും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് സമർപ്പിച്ച ഡയറി ഫാം ഇൻസ്ട്രക്ടറുടെ ഉത്തരവ് നം.295/2020 തിയ്യതി 27.03.2021 പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 4 ക്ഷീര കർഷകർക്ക് 2020 ഏപ്രിൽ മാസം മുതൽ 2020 ഡിസംബർ മാസം വരെ അളന്ന മുഴുവൻ പാലിനും 3/- രൂപ നിരക്കിൽ നല്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അത്രയും തുക കൈമാറിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച അന്വേഷണത്തിന് 2020 ഏപ്രിൽ മാസം മുതല് 2020 ആഗസ്റ്റ് മാസം വരെ അളന്ന പാലിന് ഇൻസെന്റീവ് നൽകാനുള്ള ഫണ്ട് മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും ഡിസംബർ വരെ എന്ന് ഉത്തരവിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും മറുപടി നൽകി. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി സ്പിൽ ഓവർ ആയി നടത്തി ബാക്കിയുള്ള 42 കർഷകർക്ക് ഇൻസെന്റീവ് വിതരണം ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 എരുവട്ടി യു പി സ്കൂളിന് ടോയ്‌ലറ്റ് -അപാകങ്ങൾ -₹ 1,66,869 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് | എരുവട്ടി യു പി സ്കൂളിന് ടോയ് ലറ്റ് |
| പ്രോജക്ട് നം | 146/21 |
| അടങ്കൽ | 1,96,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1,66,869/- |
| വൗച്ചർ നം. &തീയതി | 22000029 Dt 18.04.2020 |
| കരാറുകാരൻ | മനോജ് കുമാർ.കെ |
| കരാർ നം &തീയതി | AE/LSGD/KTM/38/ 20-21 Dt 27.11.2019 |

| | |
|---|---|
| എം ബുക്ക് നം | 153/19 |

മേൽ പദ്ധതി പ്രകാരം എരുവട്ടി യു പി സ്കൂളിന് (എയിഡഡ്) 2 ടോയ് ലറ്റ്, 1 വാഷ് ബേസിൻ എന്നിവ നിർമ്മിച്ച് നൽകുന്നതിനു വേണ്ടി 1,66,869/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ എൽ പി, യു പി സർക്കാർ സ്കൂൾ ഇല്ല. തദ്ദേശസ്വയം ഭരണ വകുപ്പ് ശുചിത്വമിഷൻ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് വിനിയോഗ മാർഗ്ഗ നിർദ്ദേശം ഉത്തരവ് (നം.334/ഡി.സി.1/18/ത.സ്വ.ഭ.വ തീയതി 21.7.2018) പ്രകാരമാണ് മേൽ പദ്ധതി നടപ്പിലാക്കിയത്.പഞ്ചായത്ത് 2018-19 മുതൽ 2022-23 വരെക്കുള്ള കർമ്മ പദ്ധതി തയ്യാറാക്കി പഞ്ചായത്ത് ഭരണ സമിതിയുടെ 25.1.2019 ലെ 19/19(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു.

1- കർമ്മ സമിതി ആക്ഷൻ പ്ലാനിൽ 14 സ്കൂളുകളുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട എരുവട്ടി യു പി സ്കൂളിലാണ് പ്രോജക്ട് നടപ്പിലാക്കിയത്. കർമ്മസമിതി പദ്ധതിയിൽ വച്ച 14 സ്കൂളുകളുടെ പട്ടികയ്ക്ക് താഴെ പ്രസ്തുത സ്കൂളുകളിൽ ആവശ്യത്തിന് ടോയ്‌ലറ്റ് സൗകര്യങ്ങൾ ലഭ്യമാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 14 സ്കൂളിൽ എരുവട്ടി യുപി സ്കൂളിനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

2-പദ്ധതി നടപ്പാക്കിയ പ്രസ്തുത സ്കൂളിൽ നിർമ്മാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതപത്രം, കരാർ എന്നിവ ചമയ്ക്കേണ്ടതുണ്ടെങ്കിലും ഇവ വെച്ചിട്ടില്ല.

3-പ്രവൃത്തിയുടെ ആവശ്യകത സംബന്ധിച്ച് ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിലൊന്നും തീരുമാനമെടുത്തിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം. 15/20.12.2021) മുഖേന മേൽ പറഞ്ഞ കാര്യങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയവയൊന്നും ഹാജരാക്കിയിട്ടില്ല.

എരുവട്ടി യു പി സ്കൂളിനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ലാത്തതിനാലും, എയിഡഡ് സ്കൂളിൽ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുമ്പോളുള്ള അടിസ്ഥാന കാര്യങ്ങൾ പാലിക്കാത്തതിനാലും ഈ പ്രോജക്ടിനു വേണ്ടി ചെലവഴിച്ച 1,66,869/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 സാന്ത്വന പരിചരണപദ്ധതി 103455 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി/സി.എച്ച്.സി |
| പ്രോജക്ട് പേര് /നമ്പർ | 101/2020-2021 (സാന്ത്വന പരിചരണപദ്ധതി) |
| അടങ്കൽ | 47,400/- (വികസന ഫണ്ട് പൊതു )<br>3,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>3,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ | 6,47,400/- |
| ചെലവ് | 28,700/- (വികസന ഫണ്ട്)<br>1,57,581/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>2,99,990/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ ചെലവ് | 4,86,271/- |
| ബിൽ നമ്പർ/തീയതി | 1.15/27.03.2021 – ₹35530 |
| | 2.17/30.03.2021 – ₹2850 |
| | 3. 18/ 30.03.2021 – ₹200000 |
| | 4. 19/30.03.2021 -₹2845 |
| | 5.8/ 18.01.2021- ₹ 97140 |
| | 6. 5/ 31.12.2020- ₹ 30406 |
| | 7. 4/27.08.2020- ₹ 88800<br>8.20220452006800588926, 06.10.2020<br>₹ 28700 |

മേൽ കാണിച്ച ബിൽ നമ്പർ 18/30.03.2021 പ്രകാരം 2,00,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (നമ്പർ-3624001800000019) മുൻകൂർ നൽകിയിട്ടുണ്ട്. മരുന്നിന്റെ പ്രോഫോർമ

ഇൻവോയ്സ് ( PRF-3709,30.11.2020 ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. മരുന്ന് ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-8/ 16.12.21) 96,545/- രൂപയുടെ മരുന്ന് മാത്രമാണ് നാളിതു വരെയായി ലഭിച്ചതെന്നും 1,03,455/- രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ടെന്നുമാണ് മെഡിക്കൽ ഓഫീസർ അറിയിച്ചത്. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - 45000/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല :

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>പി .എച്ച്.സി/സി.എച്ച്.സി |
| പ്രോജക്ട് പേര് /നമ്പർ | 97/2020-2021 (കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ) |
| അടങ്കൽ | 50,000/- (തനത് ഫണ്ട് )<br>75,000/- (മെയിന്റൻസ് ഫണ്ട് -റോഡിതരം) |
| ആകെ | 1,25,000/- |
| ചെലവ് (ചെലവ് പത്രിക പ്രകാരം) | 50,000/- (തനത് ഫണ്ട് )<br>75,000/- (മെയിന്റൻസ് ഫണ്ട് -റോഡിതരം) |
| ബിൽ നമ്പർ/തീയതി | 1. 7/18 .01.2021 -₹55000<br>2. 10/16 .02.2021 – ₹ 20000<br>3. ചെക്ക് നമ്പർ- 12015,10.3.21 – ₹25000<br>4. ചെക്ക് നമ്പർ-12551, 29.3.21 – ₹25000 |

ബിൽ നമ്പർ 10/16.02.2021 പ്രകാരം മാറിയ 20,000/- രൂപയും, ചെക്ക് നമ്പർ 12551, തീയതി 29.3.21 പ്രകാരം 25,000/- രൂപയും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുണ്ട് (3624001800000019). PRF3088/22.10.20 പ്രകാരം 45,000/- രൂപയുടെ മരുന്നിന്റെ പ്രഫോർമ ഇൻവോയ്സ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 7/16.12.21) നാളിതുവരെയായി മരുന്ന് ലഭിച്ചിട്ടില്ല എന്നാണ് മറുപടിയിൽ അറിയിച്ചത്. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അസ്സൽ ഇൻവോയ്സ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-28 ബാലസൗഹൃദ ഗ്രാമ പഞ്ചായത്ത് - പദ്ധതി അവലോകനം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് &നം | 68/21, ബാലസൗഹൃദ ഗ്രാമ പഞ്ചായത്ത്-<br>തുടർ പ്രവർത്തനങ്ങൾ |
| അടങ്കൽ | 2,23,000/-<br>(വികസന ഫണ്ട്-പൊതു വിഭാഗം) |
| ചെലവ് | 2,02,038/- (വികസന ഫണ്ട്) |
| ബിൽ നം. & തീയതി | 5/2020-21 ,27.03.2021<br>6/2020-21 ,30.03.2021 |

കോട്ടയം ഗ്രാമപഞ്ചായത്തിനെ ബാലസൗഹൃദ ഗ്രാമപഞ്ചായത്തായി ഉയർത്തുന്നതിന്റെ ഭാഗമായാണ് കോട്ടയം മലബാർ കുടുംബാരോഗ്യ കേന്ദ്രത്തിനു സമീപം കുട്ടികൾക്കുള്ള പാർക്ക് നിർമിച്ചത് ആയതിലേക്കായി സ്ഥലം വൃത്തിയാക്കി നിലമൊരുക്കുകയും സ്പെസിഫിക്കേഷൻ പ്രകാരം ഉള്ള കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിൽ എത്തുന്ന കുട്ടികൾക്കും സമീപവാസികളായ കുട്ടികൾക്കും പാർക്ക് ഉപകാരപ്രദം ആവുന്നുണ്ട്. പാർക്കിന്റെ ബോർഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടില്ല. അടുത്ത 6 മാസത്തിനകം ബാലസൗഹൃദ ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുമെന്നാണ് ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.21

തീ.21.12.2021) മറുപടി നൽകിയത്. ലക്ഷ്യം പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റ് വകുപ്പിനെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-29 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ /പേര് | 72/2021<br>(ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ) |
| അടങ്കൽ | 3,20,000/- (വികസന ഫണ്ട് )<br>6,93,800/- (ബ്ലോക്ക് വിഹിതം)<br>1,60,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)<br>20,000/- (തനത് ഫണ്ട് ) |
| ആകെ അടങ്കൽ | 11,93,800/- |
| ചെലവ് | 2,98,450/- (വികസന ഫണ്ട് )<br>1,49,205/- (ബ്ലോക്ക് വിഹിതം)<br>1,49,245/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ ചെലവ് | 5,96,900/- |

ശാരീരിക വെല്ലുവിളികൾ നേരിടുന്ന 9 കുട്ടികൾക്ക് 26,900/- രൂപയും മാനസിക വെല്ലുവിളികൾ നേരിടുന്ന 40 കുട്ടികൾക്ക് 5,70,000/- രൂപയും ഉൾപ്പെടെ 5,96,900/- രൂപ ഈ പ്രോജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ(കൈ)22/2018 ഉത്തരവിലെ ഖണ്ഡിക 7.1.6(എ) പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹28,500/- (1000x12+1500+2000+ 1000X12+ 1000) അർഹമായിരിക്കെ 40 ഗുണഭോക്താക്കൾക്ക് ₹14250 നിരക്കിലാണ് നൽകിയിരിക്കുന്നത്.

2.സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിട്ടില്ല.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/19.12.2021) പദ്ധതിക്ക് വേണ്ടി നീക്കി വെച്ച തുക അപര്യാപ്തമായതിനാൽ 2020-21 വർഷം ബ്ലോക്ക് വിഹിതം ലഭിച്ചതു മുഴവൻ ഭിന്നശേഷിക്കാർക്ക് അനുവദിച്ചിട്ടുണ്ടെന്നും ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-30 സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-അതുല്യം - തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നമ്പർ | 103/2020-2021 |
| പ്രൊജക്ടിന്റെ പേര് | സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-അതുല്യം |
| അടങ്കൽ | ₹46050 – തനത് ഫണ്ട് |

| | |
|---|---|
| ചെലവ് തുക | ₹46050 – തനത് ഫണ്ട്<br>ചെക്ക് നമ്പർ-0012023, 22.03.2021 – ₹19800<br>ചെക്ക് നമ്പർ-0012022, 22.03.2021 – ₹26250 |

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ സമഗ്ര തുടർവിദ്യാഭ്യാസ പരിപാടി-അതുല്യം എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയൽ പ്രകാരം താഴെപ്പറയുന്ന ചെലവുകളാണ് നടത്തിയിരിക്കുന്നത്.

(1) പത്താം തരം തുല്യതാ പരീക്ഷ എഴുതുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും പഠിതാക്കൾക്കുള്ള രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാഫീസ് എന്നീ ഇനങ്ങളിലായി ഒരു പഠിതാവിന് 1,750/- രൂപ പ്രകാരം 15 പഠിതാക്കൾക്ക് ആകെ 26,250/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.

(2) +1 തുല്യതാ പരീക്ഷ എഴുതുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും പഠിതാക്കൾക്കുള്ള രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാഫീസ് എന്നീ ഇനങ്ങളിലായി ഒരു പഠിതാവിന് 2,200/- രൂപ പ്രകാരം 9 പഠിതാക്കൾക്ക് ആകെ 19,800/- തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.

എന്നാൽ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/15.12.2021) പത്താം തരം തുല്യതാ പരീക്ഷ എഴുതുന്നതിന് രജിസ്റ്റർ ചെയ്തവരിൽ ഒരാൾ മാത്രമേ പരീക്ഷ എഴുതിയിട്ടുള്ളൂ എന്നും, +1 തുല്യതാ പരീക്ഷ എഴുതുന്നതിന് രജിസ്റ്റർ ചെയ്തവരിൽ കോവിഡ് കാരണം ആരും തന്നെ പരീക്ഷ എഴുതിയിട്ടില്ലാ എന്നും അറിയിച്ചിട്ടുണ്ട്. പത്താം തരം തുല്യതാ പരീക്ഷ എഴുതിയ പഠിതാവിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതായും രജിസ്റ്റർ ചെയ്തിട്ടും ഹാജരാകാൻ സാധിക്കാത്തവർക്ക് 3 വർഷം വരെ പരീക്ഷ എഴുതുവാൻ അവസരമുണ്ടെന്നും പരീക്ഷ എഴുതാത്ത പഠിതാക്കൾ വരും വർഷത്തിൽ പരീക്ഷ എഴുതുവാൻ തയ്യാറാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത പഠിതാക്കൾ പരീക്ഷ എഴുതുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കേണ്ടതും തുടർ പ്രവർത്തനങ്ങളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 20.12.2021,<br>21.12.2021 | കെഎസ്എ/കെഎൻആർ/സി8/<br>1507/2021<br>തീയതി: 11.02.2022. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 10,00,000 | ലൈഫ് മിഷൻ ഭവന നിർമ്മാണം - പൊതുവിഭാഗം 50/21 | 1000000 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 72000 | ആശ്രയ - അഗതി രഹിത കേരളം - വീട് വാസയോഗ്യമാക്കൽ 56/21 | 72000 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 149205 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 72/21 | 149205 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 34000 | നെൽ കൃഷി വികസനം (തരിശ്ശ് നിലം ഉൾപെടെ) 82/21 | 34000 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 25500 | ജൈവ പച്ചക്കറി വികസനം 83/21 | 25500 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 51767 | 100000 | പാലിന് ഇൻസെന്റീവ് 100/21 | 0 | 151767 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 8218 | 253380 | സാന്ത്വന പരിചരണ പദ്ധതി 101/21 | 157581 | 104017 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 470062 | 0 | ലൈഫ് മിഷൻ- ഭവന നിർമ്മാണം (പൊതു വിഭാഗം) 168/21 | 470062 | 0 |
| ആകെ | 530047 | 1634085 | | 1908348 | 255784 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 494600 | ലൈഫ് മിഷൻ ഭവന നിർമ്മാണം - പൊതുവിഭാഗം 50/21 | 494600 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 48000 | ആശ്രയ - അഗതി രഹിത കേരളം - വീട് വാസയോഗ്യമാക്കൽ 56/21 | 48000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 149245 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 72/21 | 149245 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 299990 | സാന്ത്വന പരിചരണ പദ്ധതി 101/21 | 299990 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 7,00000 | | മണ്ടേങ്കാവ് കോളനി കിണർ നിർമ്മാണം 151/21 | 700000 | 0 |
| കണ്ണൂർ ജില്ലാ | 0 | 27200 | കരനെൽ കൃഷി 164/21 | 27200 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 30000 | പച്ചക്കറി തൈ വിതരണം 167/21 | 30000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 116538 | ലൈഫ് മിഷൻ- ഭവന നിർമ്മാണം (പൊതു വിഭാഗം) 168/21 | 116538 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 48279 | പടുതാകുളം മത്സ്യകൃഷി 190/21 | 48279 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 40000 | തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ (നെല്ല്) 193/21 | 40000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 18233 | ബയോഫ്ലോക് മത്സ്യകൃഷി 195/21 | 18233 | 0 |
| ആകെ | 166937 | 12,72085 | | 1972085 | 166937 |

ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ മുന്നിരിപ്പുള്ള 1,66,937/- ഈ വർഷവും ചെലവഴിച്ചിട്ടില്ല. തുക ഏത് പദ്ധതിക്ക് വേണ്ടി ലഭിച്ചതാണെന്ന് കണ്ടെത്തി, ചെലവഴിക്കാൻ സാദ്ധ്യതയില്ലാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം& തീയതി | മുൻകൂർ നൽകിയതുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | മണ്ടേങ്കാവ് കോളനി കുടിവെള്ള പദ്ധതിക്ക് ത്രീഫേസ് വൈദ്യുത കണക്ഷൻ | 22001113, 29.03.2021 | 33772 | 33772 | 0 |

റർബൻ ഫണ്ടിൽ നിന്നും KWAയ്ക്കും KSEBക്കും മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് നൽകിയ തുകയിൽ നിന്നും₹6124365, ₹1445526 യഥാക്രമം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ വിശദ വിവരങ്ങൾ, തുക വിനിയോഗ വിവരങ്ങൾ എന്നിവ സ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12,056/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രശീതി നമ്പർ & തിയ്യതി |
|---|---|---|---|---|
| 2003-04 | 3-12 | 1756 | ജോൺ.കെ തോമസ്, റിട്ട.സെക്രട്ടറി | 120160900128/ 21-10-2020 |
| 2018-19 | 1-15 | 10300 | മഹേഷ് അടിയേരി പി.ഡബ്ല്യൂ.ഡി | 120010100413/ 05-06-2020 |

| | | | | |
|---|---|---|---|---|
| | | | കോൺട്രാക്ടർ | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14/2014-15 | 2-1 | 2016-17 | ഖണ്ഡിക 5 അനുബന്ധം-3 | വസ്തു നികുതി | നില നില്ക്കുന്നു |
| 2013-14/2014-15 | 3-8 | 2014-15 | 4-3-2-7 | ക്ഷേമ പെൻഷൻ അപേക്ഷയിൽ കാലതാമസം | നിലനില്ക്കുന്നു |

## 4-9 ചാർജ്/സർചാർജ് നടപടിവഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,06,67,606.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,68,88,216.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,22,909 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 80600 | ശ്രീ.സ്വരൂപ്.പി.എസ്, (കൃഷി ഓഫീസർ) |
| 1- 18 | 1,69,440 | ശ്രീ.സ്വരൂപ്.പി.എസ്, (കൃഷി ഓഫീസർ) |
| 1-20 | 66,000 | ശ്രീ.സ്വരൂപ്.പി.എസ്, (കൃഷി ഓഫീസർ) |
| 1-21 | 40,000 | ശ്രീ.സ്വരൂപ്.പി.എസ്, (കൃഷി ഓഫീസർ) |
| 1-25 | 1,66,869 | ശ്രീ.സുധീർ.എം.വി, (അസിസ്റ്റന്റ് എഞ്ചിനീയർ) |
| ആകെ | 5,22,909 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.സ്വരൂപ്.പി.എസ്. | കൃഷി ഓഫീസർ,<br>കോട്ടയം ഗ്രാമ പഞ്ചായത്ത് | എല്ലുകണ്ടി ഹൗസ് ,<br>കൊയിലാണ്ടി |
| ശ്രീ.സുധീർ.എം.വി. | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കോട്ടയം ഗ്രാമ പഞ്ചായത്ത് | കേളോത്ത് ഹൗസ്,<br>പാച്ചപ്പൊയ്ക |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.8/736/ 2019/28-05-2019 | 3 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.8/736/ 2019/28-05-2019 | 1 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.8/736/ 2019/28-05-2019 | 4 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.8/736/ 2019/28-05-2019 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.8/736/ 2019/28-05-2019 | 1 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.8/446/ 2019/15-06-2019 | 16 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.8/102/ 2020/28.02.2020 | 10 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.8/748/ 2021/23.10.2021 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## RECEIPT & PAYMENT STATEMENT

| Kottayam Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31 March-2021 | | | |
| Code.No. | Description of Items | Schedule No. | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 9285724.00 |
| Cash | Cash | RP-40(a) | 8360.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 628450.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 4290483.00 |
| 150000000 | Sale & Hire Charges | RP-5 | 283583.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35876438.00 |
| 171000000 | Interest Earned | RP-9 | 128731.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4973385.00 |
| 350000000 | Other Liabilities | RP-36 | 196788.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 63353.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1756.00 |
| 311000000 | Earmarked Funds | RP-29 | 13905.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 102298.00 |
| 350000000 | Other Liabilities | RP-36 | 194589.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3904847.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 59961690.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2239070.00 |
| 220000000 | Administrative Expenses | RP-12 | 755817.00 |
| 230000000 | Operations & Maintenance | RP-13 | 1030089.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2744096.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 13947881.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 764665.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 767945.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 383000.00 |
| 255000000 | Maintenance Projects | RP-20 | 9125326.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30000.00 |
| 280000000 | Prior Period item | RP-26 | -10300.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1055445.00 |
| 350000000 | Other Liabilities | RP-36 | 4444488.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 682.00 |
| 280000000 | Prior Period Item | RP-26 | -50140.00 |
| 311000000 | Earmarked Funds | RP-29 | 15000.00 |
| 340000000 | Deposits Received | RP-34 | 28102.00 |
| 350000000 | Other Liabilities | RP-36 | 1847128.00 |
| 410000000 | Fixed Assets | RP-38 | 5747214.00 |
| 412000000 | Capital work in Progress | RP-40 | 99194.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 747605.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 1175909.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13029164.00 |
| Cash | Cash | RP-40(b) | 44310.00 |
| | Grand Total | | 59961690.00 |

## Annex3-2

## Income & Expenditure Statement

| Kottayam Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No. | Description of Items | Schedule No. | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4193202.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 177300.00 |
| 140000000 | Fee & User Charges | I-4(b) | 4610483.00 |
| 150000000 | Sale & Hire Charges | I-5(b) | 284083.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 102760561.00 |
| 171000000 | Interest Earned | I-8 | 128731.00 |
| 180000000 | Other Income | I-9 | 1756.00 |
| | Total Income | | 112156116.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10171163.00 |
| 220000000 | Administrative Expenses | I-11(b) | 918044.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 1109309.00 |
| 240000000 | Interest & Finance Charges | I-13 | 682.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3135514.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 32511385.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2210191.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 767945.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 41015700.00 |
| 255000000 | Maintenance Projects | I-14(e) | 9125326.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 30000.00 |
| 272000000 | Depreciation | I-17(a) | 16061018.00 |
| | Total Expenditure | | 117056277.00 |
| | Gross Surplus/ Deficit of income over Expenditure | | -4900161.00 |
| 280000000 | Prior Period Item | I-18 | -46655.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -4853506.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# Annex3-3

## Balance Sheet

| Kottayam Grama Panchayat BALANCE SHEET<br>As on 31-March-2021 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -37662967.97 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 25820.00 |
| 312000000 | Reserves | B-3 | 122331445.00 |
| | Total Reserve & Surplus | | 84694297.03 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 27807902.00 |
| | Total Grants, Contributions for Specific Purposes | | 27807902.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 234967.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3855579.97 |
| | Total Current Liabilities and Provisions | | 4090546.97 |
| | TOTAL LIABILITIES | | 116592746.00 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 133901922.00 |
| 411000000 | Accumulated Depreciation | B-11 | -56353046.00 |
| 412000000 | Capital Work in Progress | B-11(a) | 400000.00 |
| | Total Fixed Assets | | 77948876.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 747605.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 13073474.00 |
| 460000000 | Loans, Advances and Deposits | B-18 | 24822791.00 |
| | Total Current Assets, Loans and Advances | | 38643870.00 |
| Other Assets<br>Miscellaneous Expenditure | | | |
| | TOTAL ASSETS | | 116592746.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.